17775
16/12/15

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - താൽക്കാലിക ജീവനക്കാരനായ ശ്രീ.സി.സുഗതനെ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഡിവിഷനിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ(എം.എസ്.)100/2015/വനം തിരുവനന്തപുരം, തീയതി,14/12/2015

**പരാമർശം:** 1. 25/02/2015-ൽ ശ്രീ.സുഗതൻ സമർപ്പിച്ച അപേക്ഷ
2. 14.07.2014 ,07/09/2015 എന്നീ തീയതകളിലെ ലെ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 6-12676/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വനം വകുപ്പിൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഡിവിഷനിൽ 20 വർഷത്തിലേറെയായി ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക ജോലി ചെയ്തു വരുന്ന തന്നെ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് ശ്രീ.സി.സുഗതൻ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം 2 പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീ.സുഗതൻ മണ്ണാർക്കാട് ഡിവിഷനു കീഴിൽ കഴിഞ്ഞ 20 വർഷത്തിലേറെയായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുവെന്നും ടിയാന് 60 വയസ്സു കഴിഞ്ഞതിനാൽ സർക്കാർ സർവ്വീസിൽ ഫുൾടൈം തസ്തികയിൽ സ്ഥിരപ്പെടുത്തുവാനുള്ള സാഹചര്യം ഇല്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഡിവിഷനിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ടിയാന്റെ പരിതാപകരമായ കുടുംബസാഹചര്യം കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥിരപ്പെടുത്തി ഉത്തരവാകണമെന്ന് ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ടു ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.സി.സുഗതനെ പാലക്കാട് ജില്ലയിൽ

മണ്ണാർക്കാട് ഡിവിഷനിൽ ഇപ്പോൾ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.സി.സുഗതനെ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.മാരപാണ്ഡ്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
ശ്രീ. സി.സുഗതൻ(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നമ്പർ - 89518/അഗ്രി.എ.2/15/ധന തീയതി 10/12/2015)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ